ചെന്നിത്തല-തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്ക് ലി.നമ്പർ 3553, പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ 1282

മാവേലിക്കര താലൂക്കിലെ ചെന്നിത്തല-തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്ക് ലി.നമ്പർ 3553-നും കാർത്തികപ്പള്ളി താലൂക്കിലെ പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ 1282-നും അനുവദിച്ച കർഷക സേവനകേന്ദ്രങ്ങൾവഴി ട്രാക്ടർ അടക്കമുള്ള കാർഷികോപകരണങ്ങൾ വാങ്ങി കർഷകർക്ക് വാടകയ്ക്ക് നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു.

നിക്ഷേപ സുരക്ഷാഫണ്ട് ബോർഡ്

79 (2067) ശ്രീ. എ. റ്റി ജോർജ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. പി. എ. മാധവൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിക്ഷേപ സുരക്ഷാഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ എങ്കിൽ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ;

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാംതരം സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്കാണ് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 2-7-2012-ലെ സ.ഒ.(പി)81/2012/സഹ(SRO 492/12) പ്രകാരം നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുകയാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, നിക്ഷേപകരെ കൂടുതൽ ആകർഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) നിക്ഷേപകന്റെ താല്പര്യം സംരക്ഷിക്കുക എന്നതാണ് സ്കീമിന്റെ ലക്ഷ്യം. ലിക്വിഡേഷൻ ഉൾപ്പെടെയുള്ള ഏത് കാരണത്താലും നിക്ഷേപകന് നിക്ഷേപ തുക ലഭിക്കാതെ വന്നാൽ സഹകരണ സംഘം പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ നിക്ഷേപകന് നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം പരിരക്ഷ ലഭിക്കും. ഈ സാഹചര്യത്തിൽ ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപത്തുക നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിക്ഷേപകന് നൽകുന്നതാണ്. ഇപ്രകാരമുള്ള ഗ്യാരന്റി ലഭിക്കുന്നതിനായി നിക്ഷേപകന് പ്രത്യേക വിഹിതങ്ങൾ ഒന്നുംതന്നെ അടയ്ക്കേണ്ടതില്ല. ഇതിനായി നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ സ്കീമിൽ ചേരുന്ന ആദ്യവർഷം അവരുടെ നിക്ഷേപ ബാക്കി നില്പിന്റെ ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ വിഹിതമായി കോർപ്പസ് ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. തുടർന്നുള്ള വർഷം നിക്ഷേപ വർദ്ധനവിന് മേൽ പരാമർശിച്ച നിരക്കിൽ പ്രീമിയം അടയ്ക്കേണ്ടതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന കോർപ്പസ് ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളിലോ ഗവൺമെന്റ് ട്രഷറിയിലോ കൂടുതൽ പലിശ കിട്ടുന്ന നിക്ഷേപമായി നിക്ഷേപിച്ച് ടി ഫണ്ട് നിക്ഷേപ ഗ്യാരന്റി നൽകുന്നതിനുമാത്രമായി വിനിയോഗിക്കുക എന്നത് ബോർഡിന്റെ പ്രവർത്തനത്തിൽപ്പെടുന്നു. കൂടാതെ ടി ഫണ്ട് സ്വരൂപിക്കുന്നതിനും, ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സബ്സിഡിയറി ചട്ടങ്ങൾ നിർമ്മിക്കുക, ടി സ്കീമിൽ അംഗങ്ങളെ ചേർക്കുക, അംഗങ്ങളിൽനിന്നും റിട്ടേണുകൾ സ്വീകരിക്കുക, ഫണ്ട് പരിപാലനത്തിന്റെ ഭാഗമായി റിക്കാർഡുകളും രേഖകളും പരിശോധിക്കുക, ക്ലെയിം നൽകുക എന്നിവ ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു.

(ഡി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, നിക്ഷേപം സ്വീകരിക്കുന്നതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ എല്ലാ സഹകരണ സംഘങ്ങൾ എന്നിവയിലെ

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപകങ്ങൾക്കാണ് പ്രസ്തുത നിക്ഷേപ സുരക്ഷാ പദ്ധതി ബാധകമായിട്ടുള്ളത്. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ തുടങ്ങി ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ കൂടിവരുന്ന സഹകരണ ബാങ്കുകൾക്ക് നിലവിൽ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാ സ്കീമാണ് ബാധകമായിട്ടുള്ളത്.

കേരളാ കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം

80(2068) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം-മരങ്ങാട്ട്പള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ കേരളാ കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ അധികമായി അടച്ച പ്രീമിയം തുക തിരികെ നൽകുന്നതു സംബന്ധിച്ച് നൽകിയിരുന്ന പരാതികൾ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഡെപ്പോസിറ്റ് തിരികെ നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; ഇതുപരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ 3556-ാം നമ്പർ മരങ്ങാട്ട്പള്ളി സർവ്വീസ് സഹകരണ ബാങ്ക് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ അധികമായി അടച്ച പ്രീമിയം തുക തിരികെ നൽകുന്നത് സംബന്ധിച്ചുള്ള സംഘം പ്രസിഡന്റിന്റെ നിവേദനത്തിന്മേൽ സംഘം അധികമായി അടച്ച തുക തിരികെ നൽകാൻ കഴിയുകയില്ലെന്നും ആയത് വരുംവർഷങ്ങളിൽ സംഘം അടയ്ക്കേണ്ടതായ തുകയിൽ വകകൊള്ളിക്കുന്നതിനും ബോർഡ് തീരുമാനിച്ച വിവരം സംഘം പ്രസിഡന്റിനെ അറിയിച്ചിരുന്നു.

(ബി) കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ കോർപ്പസ് ഫണ്ടിലേക്ക് സംഘങ്ങൾ അധികമായി അടക്കുന്ന തുക തിരികെ നൽകാൻ പാടില്ല എന്ന് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ വ്യവസ്ഥയില്ല. പ്രസ്തുത തുക മടക്കി നൽകാൻ അപേക്ഷ ലഭിച്ചാൽ അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly